LIBRARY ARCHIVED Kerala Legislative Assembly

കായംകുളം താപനിലയത്തിന്റെ രണ്ടാംഘട്ടം

178 (1142) ശ്രീ. എ. എ. ഷുക്കൂർ :
ശ്രീ. എം. മുരളി :
ശ്രീ. കെ. അച്ചുതൻ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കായംകുളം താപനിലയത്തിന്റെ രണ്ടാംഘട്ടത്തിന്റെ ഭാഗമായി എന്തൊക്കെ പ്രവർത്തനങ്ങൾ നടപ്പിലാക്കി എന്നറിയിക്കുമോ ;

(ബി) ഈ പദ്ധതിയുടെ രണ്ടാംഘട്ടം പൂർത്തീകരിക്കുമ്പോൾ അധികമായി എത്ര മെഗാവാട്ട് വൈദ്യുതി ഉൽപ്പാദിപ്പിക്കാൻ കഴിയുമെന്നാണ് കണക്കാക്കിയിരിക്കുന്നത് ;

(സി) ഈ പദ്ധതിയുടെ നടത്തിപ്പിനായി കേന്ദ്ര സർക്കാരുമായി എന്തൊക്കെ ധാരണകൾ ഉണ്ടാക്കിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(ഡി) ഈ പദ്ധതിയുടെ രണ്ടാംഘട്ട പ്രവർത്തനം എന്ന് പൂർത്തിയാക്കാൻ കഴിയുമെന്നാണ് കരുതുന്നത് ?

ഉത്തരം

(എ) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ബി) നിലവിലുള്ള 360 മെഗാവാട്ട് ആദ്യഘട്ടത്തിനു പുറമേ 1950 മെഗാവാട്ട് രണ്ടാംഘട്ട വികസനമാണ് എൻ.റ്റി.പി.സി. ഉദ്ദേശിക്കുന്നത്. ഇതിന്റെ ആദ്യപടിയായി 1050 മെഗാവാട്ട് സ്ഥാപിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

(സി&ഡി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി

179 (1143) ശ്രീ. എ. കെ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി സംസ്ഥാനത്ത് എത്ര നിയോജക മണ്ഡലത്തിൽ ഇതിനകം പൂർത്തീകരിച്ചുവെന്നും ഇതിനായി വൈദ്യുതി ബോർഡ് എത്ര സംഖ്യ ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ ;

(ബി) ഏതെല്ലാം നിയോജകമണ്ഡലങ്ങളിലാണ് ഇതിനകം സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി പൂർത്തീകരിച്ചതെന്നും, ഏതെല്ലാം മണ്ഡലങ്ങളിൽ ഇപ്പോൾ ഇതിന്റെ പ്രവർത്തനം നടന്നുവരുന്നുവെന്നും വിശദമാക്കുമോ ;

(സി) പ്രസ്തുത പദ്ധതി ഇതുവരെ ആരംഭിച്ചിട്ടില്ലാത്ത ഏതെങ്കിലും നിയോജക മണ്ഡലങ്ങൾ ഉണ്ടോ ; എങ്കിൽ അവ ഏതെല്ലാം ആണെന്ന് വ്യക്തമാക്കുമോ ;